(സി) നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുകൊണ്ട് 1996-ൽ ഗവേണിംഗ് ബോഡി തീരുമാനമെടുത്തു എങ്കിലും സർവീസ് ചട്ടങ്ങൾ രൂപീകരിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷമേ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ കഴിയുകയുള്ളൂ. ഒഴിവുവരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുക മാത്രമാണ് ഇപ്പോൾ ചെയ്യാൻ കഴിയുന്നത്.

(ഡി) സർക്കാർ അനുവദിച്ച തസ്തികകളിലൊന്നും പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകിയിട്ടില്ല.

മിൽമ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

158 (162) ഡോ. കെ. സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി. സി ജോർജ്:
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു ;

(ഡി) മിൽമയുടെ സാമ്പത്തിക പ്രതിസന്ധി മൂലം ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവ പരിഹരിക്കുന്നതിനായി മിൽമയ്ക്ക് സർക്കാർ വായ്പ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എറണാകുളം മേഖലാ യൂണിയൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം മേഖലാ ക്ഷീരോല്പാദക യൂണിയൻ നേരിടുന്ന സാമ്പത്തികപ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഈ പ്രതിസന്ധിക്കുള്ള കാരണങ്ങൾ താഴെ പറയുന്നവയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

1. സ്വകാര്യ പാൽക്കച്ചവടക്കാരുടെ കടന്നുകയറ്റം. സ്വകാര്യ പാൽകച്ചവടക്കാർ കുറഞ്ഞ വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവന്ന് മിൽമ വിൽക്കുന്ന വിലയ്ക്ക് തന്നെയും ചിലപ്പോൾ അതിൽ കുറച്ചും വിൽക്കുന്നു. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതുമൂലം കൂടുതൽ ലാഭം ലഭിക്കുന്നതിനാൽ വിതരണ ഏജൻസികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുന്നു. ഇത് എറണാകുളം മേഖലാ യൂണിയന്റെ പരിധിയിൽ വരുന്ന മിൽമയുടെ വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്.

2. സ്വകാര്യ പാൽക്കച്ചവടക്കാരുടെ പ്രവർത്തനം മൂലം ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന അധികം പാൽ മിൽമ സംഭരിക്കുവാൻ നിർബന്ധിതമായി. 1999 മേയ് തൊട്ട് 2000-ാമാണ്ട് ജനുവരി വരെയുള്ള കാലയളവിൽ എറണാകുളം മേഖലായൂണിയൻ 75 ലക്ഷം ലിറ്റർ പാൽ അധികമായി ഉൽപ്പാദകരിൽ നിന്നും സംഭരിക്കുവാൻ നിർബന്ധിതരായി. ഇപ്രകാരം അധികമായി ക്ഷീരോല്പാദകരിൽ നിന്നും സംഭരിക്കുന്ന പാൽ, പാൽപ്പൊടിയായും നെയ്യായും രൂപാന്തരപ്പെടുത്തുക വഴി 250 ലക്ഷത്തോളം രൂപ വിലവരുന്ന ഉല്പന്നങ്ങൾ കെട്ടികിടക്കുവാൻ ഇടയായി.

3. വൈദ്യുതിയുടേയും ഇന്ധനത്തിന്റെയും ഈ അടുത്ത കാലത്തുണ്ടായ വിലവർദ്ധനവും എറണാകുളം മേഖലാ യൂണിയന് പ്രതിവർഷം 140 ലക്ഷം രൂപയുടെ അധിക ബാദ്ധ്യതയുണ്ടാക്കിട്ടുണ്ട്.

4. ജീവനക്കാരുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള വേതന വർദ്ധനവ് കാരണം പ്രതിമാസം 10.78 ലക്ഷം രൂപയുടെ അധിക ബാദ്ധ്യതയും എറണാകുളം മേഖലാ യൂണിയന് ഉണ്ടായിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ചെലവിനനുസൃതമായി കൂടുതൽ വിപണി കണ്ടെത്തുന്നതിനും വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും എറണാകുളം മേഖലാ യൂണിയന് സാധിക്കാതെ പോയതാണ് ഇപ്പോൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്കുള്ള മൂലകാരണം.

(സി) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് താഴെപറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. കൂടുതൽ വിപണി കണ്ടെത്തുന്നതിലേയ്ക്ക് വേണ്ട ഒരു തീവ്രയത്ന പരിപാടി എല്ലാ ജീവനക്കാരുടെയും സഹകരണത്തോട് കൂടി നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുണ്ട്.

2. വൈവിദ്ധ്യവൽക്കരണത്തിലൂടെ കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുവാനും അതുവഴി കൂടുതൽ വിപണി കണ്ടെത്തുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. എല്ലാവിധ ചെലവുകൾക്കും ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർക്ക് ശമ്പളപരിഷ്കരണം അനുസരിച്ച് കൊടുക്കേണ്ടതായിട്ടുള്ള കുടിശ്ശിക മരവിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ജീവനക്കാർക്ക് സൗജന്യമായി നൽകി വന്നിരുന്ന വാഹന സൗകര്യത്തിന് ചാർജ്ജ് ഈടാക്കാൻ തുടങ്ങിയിട്ടുണ്ട്.

5. ഗ്രാമതലങ്ങളിലുള്ള അംഗസംഘങ്ങളിലൂടെ കൂടുതൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തി കൂടുതൽ വിറ്റുവരവ് കണ്ടെത്തുവാനും മേഖലാ യൂണിയൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഡി) എറണാകുളം മേഖലാ യൂണിയന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷീരോല്പാദകർക്ക് പാൽവില യഥാസമയം കൊടുക്കുവാൻ സാധിക്കാത്തതാണ് പ്രധാനമായുള്ള ബുദ്ധിമുട്ട്.

(ഇ) കേന്ദ്ര സർക്കാരിന്റെ സഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതിപ്രകാരമുള്ള സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന നിയമനം

159 (163) ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് തൊഴിൽ നൽകി ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) എത്രപേർക്ക് പുതുതായി തൊഴിലില്ലായ്മ വേതനം നൽകി എന്നതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-5-1996 മുതൽ 31-12-1999 വരെ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 72,989 പേർക്ക് തൊഴിൽ നൽകി. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	16544
കൊല്ലം	3549
ആലപ്പുഴ	2891
പത്തനംതിട്ട	2286
കോട്ടയം	3192
ഇടുക്കി	3135
എറണാകുളം	5682
തൃശ്ശൂർ	4536

LIBRARY ARCHIVES Kerala Legislative Assembly